A2-363/19

## കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

### ലേലം/ക്വട്ടേഷൻ പരസ്യം 2019-20

മാന്യരെ ,

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് വകയും പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും പഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ താഴെ പട്ടികയിൽ വിവരിക്കുന്ന ഇനങ്ങളുടെ 2019-20 വർഷത്തെ നടത്തിപ്പ് അവകാശം പ്രത്യേകം തയ്യാറാക്കി പഞ്ചായത്ത് ഓഫീസിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല വ്യവസ്ഥകൾക്കു വിധേയമായി പഞ്ചായത്ത് കോൺഫറൻസ്ഹാളിൽ വച്ച് 08.02.2019 ൽ രാവിലെ 11 മണി മുതൽ ലേലം നടത്തുന്നതാണ്. ലേലം ആരംഭിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന സമയത്തിനു മുമ്പായി നിരതദ്രവ്യം അടവാക്കേണ്ടതാണ്.

| നം | ഇനം | കാലാവധി | നിരത ദ്രവ്യം | ലേല തീയതി | ലേല വ്യവസ്ഥ |
|---|---|---|---|---|---|
| 1 | ബംബ്ലായി തോടിൽ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം | 2019ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ | 2500 | 08.02.2019 11 A. M. | ലേലസംഖ്യയുടെ മൂന്നിൽ ഒരു ഭാഗം അന്നേദിവസം തന്നെ അടക്കേണ്ടതും ബാക്കി തുക 2019 മെയ് മുതൽ സെപ്റ്റംബർ വരെ മാസങ്ങളിൽ 5-ാം തീയതിക്കു മുൻപായി തുല്യ ഗഡുക്കളായി അടവാക്കേണ്ടതാണ്. |
| 2 | സാനിറ്ററി കോംപ്ലക്സുകൾ(3എണ്ണം)– –വണ്ടിപേട്ട എന്നിവ പിരിക്കൽ | 2019ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ | 5000/- | തുടർച്ച | നിരദദ്രവ്യം ഉൾപ്പെടെ10000/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റും ലേലസംഖ്യയുടെ മൂന്നിൽ ഒരു ഭാഗവും അന്നേദിവസം തന്നെ അടക്കേണ്ടതും ബാക്കി ലേലതുക 2019 മെയ് മുതൽ സെപ്റ്റംബർ വരെ മാസങ്ങളിൽ 5-ാം തീയതിക്കു മുൻപായി തുല്യ ഗഡുക്കളായി അടവാക്കേണ്ടതാണ്. **സാനിറ്ററി കോംപ്ലക്സുകളുടെ (3എണ്ണം) വാട്ടർചാർജ്, കറന്റ് ചാർജ് എന്നിവ ലേലക്കാരൻതന്നെ വഹിക്കേണ്ടതാണ്.**സെക്യൂരിറ്റി നിക്ഷേപമായി അടക്കുന്ന തുകക്ക് പലിശ ലഭിക്കുന്നതല്ല. |
| 3 | തെങ്ങ്(ആദായംഎടുക്കൽ) പഞ്ചായത്ത് വക സ്ഥലങ്ങളിലുംഅങ്കണവാടി കോംപൗണ്ടുകളിലും നിൽക്കുന്ന തെങ്ങുകളിൽ നിന്ന് | 2019ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ | 100/- | തുടർച്ച | ലേലം ഉറപ്പിച്ച ആൾ ലേലതുക അന്നേ ദിവസം തന്നെ പഞ്ചായത്തിൽ അടക്കേണ്ടതാണ്. |

**(മറുപുറം കാണുക...)**

# ലേല പൊതുനിബന്ധനകൾ

**1.** ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി ഓരോ ലേലത്തിനും നിരതദ്രവ്യമായി നിശ്ചയിച്ചിട്ടുള്ള തുക അടച്ചിരിക്കേണ്ടതാണ്.ക്വട്ടേഷൻ നൽകുവാൻ താൽപ്പര്യമുള്ളവർ നിരദ്രവ്യം പഞ്ചായത്തിൽ അടച്ചതിന്റെ രസീത് സഹിതം സീൽ ചെയ്ത ക്വട്ടേഷൻ 08.02.2019 തീയതി രാവിലെ 10.30 വരെ സമർപ്പിക്കേണ്ടതാണ്.നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.ലേല നടപടിക്കു ശേഷം ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ലേലത്തുകയോ ക്വട്ടേഷൻ തുകയോ ഏതാണ് കൂടുതൽ എന്ന് നോക്കി താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.

**2.** ലേല തുക പ്രതീക്ഷിച്ചതിലും കുറയുകയോ മറ്റ് കാരണങ്ങൾകൊണ്ട് ലേല നടപടികൾ നിർത്തിവയ്ക്കേണ്ടി വരികയോ റദ്ദാക്കുകയോ ചെയ്യേവന്നാൽ ആ വിവരം വ്യക്തമായി രേഖപ്പെടുത്തിയും ലേല നടപടികൾ നിർത്തി വയ്ക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**3.** ലേല ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയോ മറ്റു കാരണങ്ങൾകൊണ്ട് ലേലം നടക്കാതെ വരികയോ ചെയ്താൽ അടുത്ത പ്രവർത്തി ദിവസങ്ങളിൽ അതേ സമയത്ത് ലേലം നടത്തുന്നതായിരിക്കും.

**4.** ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ ലേലക്കാരൻ സ്വന്തം ചെലവിൽ നിയമാനുസൃത മുദ്രപത്രത്തിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന വിധത്തിൽ ഒരു കരാർ എഴുതി ഒപ്പിട്ടു തരേണ്ടതാണ്. മേൽ പറയും പ്രകാരം കരാർ എഴുതി ഒപ്പിട്ട് തരാത്തപക്ഷം മുന്നറിയിപ്പില്ലാതെ ടി ലേലം റദ്ദ് ചെയ്ത് സെക്യൂരിറ്റി നിക്ഷേപമായി അടച്ച തുകയും ക്രമ നമ്പർ 1,2 ൽ അടച്ച 1/3 ഭാഗം തുകയും പഞ്ചായത്ത് ഫണ്ടിലേക്ക് വക മാറ്റുന്നതും ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും അവ ലേലം ചെയ്യുന്നതുമാണ്. മേൽപറഞ്ഞ പ്രകാരം വീഴ്ച വരുത്തുന്ന ലേലക്കാരനെ തുടർന്നുള്ള ലേലങ്ങളിൽ പങ്കെടുക്കുവാൻ അയോഗ്യത കല്പിക്കുന്നതായിരിക്കും. ലേലവകാശം തീറു കൊടുക്കുകയോ കീഴ്ത്തുകയായി ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്നതിനു ലേലക്കാരനു അവകാശമുണ്ടായിരിക്കുന്നതല്ല.

**5.**ലേല തുക ഗഡുവ് തെറ്റിയാൽ നിയമാനുസൃതമായ പിഴപ്പലിശ ഈടാക്കുന്നതും ഓരോ ഗഡുവിനുള്ള തുകയും പലിശയും അടുത്ത ഗഡു തീയതിക്കു മുമ്പായി അടക്കാതെ വീഴ്ച വരുത്തുന്ന ലേലക്കാരനെ തുടർന്ന് ആദായം എടുക്കുന്നതിൽനിന്നും ഒഴിവാക്കുന്നതും കുടിശ്ശിക തുകയും ആയതിന്റെ പലിശയും സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുകയും ബാക്കി വരുന്ന സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി കരാർ റദ്ദ് ചെയ്യുന്നതും ആയിരിക്കും. തുടർന്ന് ടി അവകാശം വീഴ്ച വരുത്തിയ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ലേലം ചെയ്ത് കൊടുക്കുന്നതും ആയിരിക്കും. അപ്രകാരം വീഴ്ച വരുത്തുന്ന ലേലക്കാരനെ പഞ്ചായത്ത് കമ്മറ്റി നിശ്ചയിക്കുന്ന കാലത്തോളം പഞ്ചായത്ത് നടത്തുന്ന ലേലങ്ങളിൽ പങ്കുകൊള്ളുന്നതിന് അയോഗ്യത കല്പ്പിക്കുന്നതായിരിക്കും. കറന്റ് ചാർജ്ജ്,വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ കുടിശ്ശികവരുത്തിയാൽ ടി തുക സെക്യൂരിറ്റി നിക്ഷേപമായി അടവാക്കിയ തുകയിൽ നിന്നും ഈടാക്കുന്നതാണ്. കുടിശ്ശിക ഇല്ല എന്ന് ബോദ്ധ്യപ്പെട്ട ശേഷം ലേലകാലാവധി തീരുന്നമുറക്ക് ടി തുക തിരികെ നൽകുന്നതാണ്.

**6.**സാനിറ്ററി കോംപ്ലക്സുകൾ ഉപയോഗിക്കുന്നവരിൽനിന്നും ടോയ്‌ലറ്റ് ഉപയോഗത്തിനായി 5/- രൂപയും കുളിമുറി, ഡ്രസ് ചെയ്ഞ്ചിനായി 10/- രൂപ നിരക്കിൽ വരെ ഫീസ് ഈടാക്കാവുന്നതാണ്. സ്ഥലവും പരിസരവും കരാറുകാരൻ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. **ടി കെട്ടിടങ്ങളുടെ വാട്ടർ ചാർജ് കറന്റ് ചാർജ് എന്നിവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്**. പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ( 4 വീലർ 1-5 മണിക്കൂർ 20/- രൂപ, 5 മണിക്കൂറിനുശേഷം 100/- രൂപ, ഹെവി വെഹിക്കിൾസ് 1-5 മണിക്കൂർ 50/- രൂപ, 5 മണിക്കൂറിനു ശേഷം 100/- രൂപ) വണ്ടി പ്പേട്ടപിരിക്കാൻ മാത്രമേ ലേലക്കാരന് അവകാശമുണ്ടാവുകയുള്ളു. വണ്ടിപേട്ട പിരിക്കുന്ന രസീത് പഞ്ചായത്തിൽനിന്നും സീൽചെയ്തവയായിരിക്കേണ്ടതാണ്.

**7.**ലേല സംഖ്യക്ക് പുറമേ 18% ജി എസ് ടി യും സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് **നികുതികളും ചാർജ്ജുകളും** നൽകാൻ ലേലക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

**8.**വൈദ്യുതി,വെള്ളം മുതലായ സൗകര്യങ്ങൾ മുറികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ താത്ക്കാലിക സംവിധാനം ലേലക്കാരൻ തന്നെ ഏർപ്പാടു ചെയ്യേണ്ടതാണ്.

**9. ഓരോ ഇനത്തിനും മറ്റു നിബന്ധനകൾ കഴിഞ്ഞ കാലങ്ങളിലെ തന്നെ ആയിരിക്കും. ലേലത്തിൽ പങ്കുകൊള്ളുവാൻ താല്പര്യമുള്ളവർ ലേലത്തിനു മുമ്പായി ലേലസ്ഥലങ്ങളും വസ്തുക്കളും കണ്ട് ബോധ്യപ്പെട്ടിരിക്കേണ്ടതാണ്.**

**10.** പഞ്ചായത്തിൽ ഏതെങ്കിലും വിധത്തിലുള്ള സംഖ്യ അടക്കുവാൻ വീഴ്ച വരുത്തിയാൽ പിഴപ്പലിശ സഹിതം തുക അടച്ചു തീർത്ത ശേഷം മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു

**11.** ലേലം സംബന്ധിച്ച വിശദവിവരങ്ങൾ ഓഫീസ് പ്രവർത്തി സമയങ്ങളിൽ നേരിട്ടന്വേഷിച്ചാൽ അറിയാവുന്നതാണ്.

( ഒപ്പ്)

സ്ഥലം:കുഴുപ്പിള്ളി

സെക്രട്ടറി

തീയതി:30.01.2019

കുഴുപ്പിള്ളി പഞ്ചായത്ത്